# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **4107** **24.06.2019** -ന് മറുപടിയ്ക്ക്

## കൊടകര കുംഭാര കോളനിയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി. ഡി. ദേവസ്സി :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള ഫണ്ട് ഉപയോഗിച്ച്, കുംഭാര കോളനികളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കൊടകര കുംഭാര കോളനിയിൽ അനുവദിച്ച ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) കൊടകര കുംഭാര കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ, ഇൻഡസ്ട്രിയൽ ബിൽഡിംഗ്, ടോയലറ്റ് ബ്ലോക്ക്, കുടിവെള്ള പദ്ധതി, നടപ്പാത, റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് കുംഭാര കോളനികളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കൊടകര കുംഭാര കോളനിയിൽ അനുവദിച്ച ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ. |
| (ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ ? | (ബി) ഒരു കോടി രൂപ ചിലവിൽ കുംഭാര കോളനി നവീകരണം 3 വർക്കുകളായാണ് നടത്തുന്നത്. 2 എണ്ണത്തിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. 1 വർക്കിന് ഉടൻ തന്നെ സാങ്കേതികാനുമതി ലഭിക്കുന്നതാണ്. കൊടകര ഉൾപ്പെടെ 5 കോളനികളുടെ നവീകരണത്തിനായി എസ്.ഡി.ജി-യിൽ 5 കോടി രൂപ അനുവദിക്കുവാൻ ധനാഭ്യർത്ഥന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ